DISPATCHED
06.01.22
27/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic@kerala.nic.in**

**AP.1799(6)/2016/SIC തീർപ്പു കല്പിച്ചു കൊണ്ടുളള നടപടിക്രമം**

**File No. 12699/SIC-G5/2016**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

ശ്രീ. സർജുകുമാർ പി.ജി.,
പള്ളിക്കടവത്ത് വീട്,
ഏങ്ങണ്ടിയൂർ പി.ഒ.,
തൃശ്ശൂർ – 680 615.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
സെക്രട്ടറി,
ഏങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം,
ഏങ്ങണ്ടിയൂർ പി.ഒ., തൃശ്ശൂർ– 680 615.

2. അപ്പീൽ അധികാരി &,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
തൃശ്ശൂർ.

} എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

കമ്മീഷന്റെ 22/04/2020 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പരാമർശിത കാലയളവിലെ അപ്പലേറ്റ് അതോറിറ്റി എന്നിവർ കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ള വിശദീകരണങ്ങൾ പരിശോധിക്കുകയുണ്ടായി. ആയവ എല്ലാംതന്നെ അംഗീകരിക്കത്തക്കതായി കമ്മീഷൻ കാണുന്നു. മനഃപൂർവ്വമായോ ബോധപൂർവ്വമായോ വിവരങ്ങൾ നൽകാതിരിക്കണമെന്ന ഉദ്ദേശ്യത്തിലോ, മറച്ചുവയ്ക്കുന്നതിനോ വേണ്ടി എതിർകക്ഷികളുടെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ ഉണ്ടായിട്ടുള്ളതായി കമ്മീഷന് കാണാൻ കഴിയുന്നില്ല. എങ്കിലും വിവരാവകാശ നിയമപ്രകാരമുള്ള ഫയൽ കൈകാര്യം ചെയ്യുമ്പോൾ കുറേകൂടി ജാഗ്രതയും ശ്രദ്ധയും കാട്ടേണ്ടതുണ്ട് എന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. പ്രത്യേകിച്ച് അപ്പീൽ അധികാരി ഇക്കാര്യത്തിൽ കുറെക്കൂടി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ടിയാന്റെ നടപടിക്രമ പ്രകാരം ഉത്തരവും കമ്മീഷൻ ഉത്തരവിനെ തുടർന്ന് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും സഹിതം കമ്മീഷനിൽ ഹാജരാക്കിയതായി കാണുന്നു. എന്നാൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ അധികാരിയുടെ

ഉത്തരവ് ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ നിന്ന് ലഭ്യമായിട്ടില്ല എന്ന് ടി ആളുകളുടെ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നു. ഇത്തരം പിശകുകൾ മേലിൽ ഉണ്ടാകാൻ പാടില്ല എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ 27 – ന് ഉത്തരവാകുന്നു.

ഒപ്പ്
**എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION

sh